

തടവറയിൽ കഴിയുന്ന ബിനായക് സെൻ

# പുതിയ ഭീകരവിരുദ്ധ നിയമം മനുഷ്യാവകാശ ധ്വംസനത്തിന് വഴിവെക്കും

കവർസ്റ്റോറി ● **സ്റ്റാഫ് ലേഖകൻ**

**മുംബൈ** ഭീകരാക്രമണത്തിന്റെ മറവിൽ യു.പി.എ സർക്കാർ ചെയ്തുവെച്ച ഒരു ഭീകരകൃത്യമുണ്ട്. പൊതുസമൂഹത്തിലോ പാർലമെന്റിലോ വേണ്ടപോലെ ചർച്ച ചെയ്യാതെ കേന്ദ്ര ആഭ്യന്തരമന്ത്രി പി. ചിദംബരം അവതരിപ്പിച്ച് പാസ്സാക്കിയെടുത്ത പുതിയ ഭീകരവിരുദ്ധ നിയമം. Unlawful Activities Prevention Act (UAPA) എന്നാണ് ഇതിന്റെ ഔദ്യോഗിക നാമം. ടാഡ, പോട്ട പോലുള്ള കരിനിയമങ്ങൾ റദ്ദാക്കുമെന്ന് വാഗ്ദാനം ചെയ്ത് അധികാരത്തിലേറിയ യു.പി.എ ഗവൺമെന്റ്, ഈ രണ്ട് കരിനിയമങ്ങളും ഒറ്റയടിക്ക് പുതിയ ഭേദഗതി ബില്ലിലൂടെ പുനഃസ്ഥാപിച്ചിരിക്കുകയാണ്. ഭീകരതക്കെതിരെ മൃദുകാഴ്ചപ്പാടെടുക്കുന്നു എന്ന തീവ്രഹിന്ദുത്വത്തിന്റെ ആരോപണങ്ങളെ മറികടക്കാനാകണം കോൺഗ്രസ് ധൃതിപിടിച്ച് ഇത്തരമൊരു നിയമനിർമാണത്തിന് ഒരുങ്ങിയത്. അത് പ്രയോഗിക്കാനൊന്നും ഒരു പക്ഷേ യു.പി.എ ഗവൺമെന്റ് ഉദ്ദേശിച്ചിട്ടുണ്ടാവില്ല. പക്ഷേ ഹിന്ദുത്വ ഫാഷിസ്റ്റുകളുടെയും വർഗീയവത്കരിക്കപ്പെട്ട പോലീസിന്റെയും രഹസ്യാന്വേഷണ ഏജൻസികളുടെയും കൈയിൽ കടുത്ത വ്യവസ്ഥകൾ മുന്നോട്ടുവെക്കുന്ന ഈ നിയമം ഭാവിയിൽ വ്യാപകമായി ദുരുപയോഗം ചെയ്യപ്പെടുമെന്ന ആശങ്ക വ്യാപകമാണ്; പ്രത്യേകിച്ച് ന്യൂനപക്ഷ വിഭാഗങ്ങളിൽ. തീവ്ര വലതുപക്ഷം ഉണ്ടാക്കാൻ ഉദ്ദേശിച്ച ഒരു കരിനിയമം അവരുടെ താലത്തിൽ വെച്ചുകൊടുത്തിരിക്കുകയാണ് കോൺഗ്രസ്. ഇതിന്റെയൊന്നും പ്രത്യാഘാതങ്ങൾ ആലോചിക്കാതെ.

2004ൽ കോൺഗ്രസ് തന്നെയാണ് ടാഡ, പോട്ട പോലുള്ള കരിനിയമങ്ങൾ പുറത്തു കളഞ്ഞ്, ഭീകരപ്രവർത്തനം നേരിടാൻ ഇന്ത്യൻ ക്രിമിനൽ നിയമങ്ങൾ തന്നെ മതി എന്നു തീരുമാനിച്ചത്. ഭീകരവിരുദ്ധ നീക്കങ്ങൾ സ്റ്റേറ്റ് ഭീകരതയായി പരിണമിക്കാതിരിക്കാനാണ് ഇതെന്ന് വിശദീകരിക്കപ്പെടുകയും ചെയ്തു. ഇന്ത്യയിലെ സാധാരണ ക്രിമിനൽ നിയമങ്ങൾ തന്നെ അമേരിക്കയിലെയും ബ്രിട്ടനിലെയും ഭീകരവിരുദ്ധ നിയമങ്ങളേക്കാൾ കർശനമാണ്.

മുംബൈ ആക്രമണത്തിനു ശേഷമുള്ള വൈകാരിക വിക്ഷുബ്ധാവസ്ഥ മുതലെടുത്ത് അതുവരെ ചെയ്തു വെച്ച

തെല്ലാം ഒറ്റയടിക്ക് അട്ടിമറിക്കുകയായിരുന്നു ഈ നിയമനിർമാണത്തിലൂടെ. ജനരോഷം ഭയന്നാകണം, ഇടതുപക്ഷ പാർട്ടികൾ പോലും പുതിയ നിയമത്തിലെ നഗ്നമായ മൗലികാവകാശ നിഷേധങ്ങൾ കണ്ടില്ലെന്ന് നടിച്ചു. പോട്ടയെ വെല്ലുന്നതാണ് പല വകുപ്പുകളും:

-വിചാരണക്ക് മുമ്പ് 180 ദിവസം വരെ തടവിൽ വെക്കാം, മുപ്പത് ദിവസം പോലീസ് കസ്റ്റഡിയിലും.

- പ്രാഥമികാന്വേഷണത്തിൽ കുറ്റക്കാരനെങ്കിൽ ജാമ്യം നിഷേധിക്കാം

- വിദേശിയാണെങ്കിൽ ജാമ്യം തന്നെ കൊടുക്കാതിരിക്കാം (43എ-43എഫ്)

- 'ആയുധക്കടത്ത്', 'ഭീകരപ്രവർത്തനം' എന്നീ കുറ്റങ്ങൾ പരാമർശിക്കപ്പെടുന്ന ഖണ്ഡികകളിൽ സംശയത്തിന്റെ പേരിൽ ആരെ വേണമെങ്കിലും ഏത് വകുപ്പ് ചാർത്തിയും പിടികൂടാനുള്ള 'അനന്ത സാധ്യതകൾ' ഒരുക്കുന്നു (സെക്ഷൻ 53).

- ഭീകരതാ ക്യാമ്പുകൾ നടത്തുക (സെക്ഷൻ 18 എ, 18 ബി), ഭീകരപ്രവർത്തനത്തിന് ഫണ്ട് ശേഖരിക്കുക (സെക്ഷൻ 17), ഭീകരരെ ഏതെങ്കിലും വിധത്തിൽ സഹായിക്കുക (സെക്ഷൻ 23) തുടങ്ങിയ കുറ്റങ്ങളെക്കുറിച്ച വിവരണങ്ങൾ തൽപരകക്ഷികൾക്ക് എങ്ങനെയും വ്യാഖ്യാനിക്കാനുള്ള പഴുതുകൾ നൽകുന്നു.

- ന്യൂനപക്ഷങ്ങൾ, നിയമ സാധുതയുള്ളവരും ഇല്ലാത്തവരുമായ മുസ്‌ലിം അഭയാർഥികൾ, ക്രിസ്ത്യാനികൾ, വൈക്കോ സ്റ്റൈലിൽ പ്രവർത്തിക്കുന്ന രാഷ്ട്രീയക്കാർ, ബിനായക് സെന്നിനെപോലുള്ള മനുഷ്യാവകാശ പ്രവർത്തകർ ഇവരൊക്കെയായിരിക്കും ഈ കരിനിയമത്തിന്റെ ഇരകളെന്ന് പ്രശസ്ത നിയമജ്ഞൻ രാജീവ് ധവാൻ പറയുന്നു.

ഇന്ത്യയിലെ പ്രശസ്തരായ ഏതാനും നിയമജ്ഞരുടെയും പൊതുപ്രവർത്തകരുടെയും അഭിപ്രായങ്ങളാണ് ഇവിടെ എടുത്ത് ചേർക്കുന്നത്. ഈ കരിനിയമത്തിനെതിരെ ജനങ്ങളെ ബോധവത്കരിക്കണമെന്നും തെരഞ്ഞെടുപ്പിലെ ഒരു മുഖ്യ വിഷയമായി ഇത് ഉയർത്തിക്കൊണ്ടുവരണമെന്നും അവർ ആവശ്യപ്പെടുന്നു. ■

(ഈ വിഷയകമായി *ദഅ്‌വത്ത്* ഉർദു പത്രത്തിൽ (16.1.2009) വന്ന കുറിപ്പുകളെ ആധാരമാക്കി തയാറാക്കിയത്)